**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 354** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രോണിക് മാലിന്യം പണം നൽകി ശേഖരിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇലക്ട്രോണിക് മാലിന്യം പണം നൽകി ശേഖരിക്കുന്ന പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ടോ; എന്തെല്ലാം മാലിന്യങ്ങളാണ് ഇത്തരത്തിൽ ശേഖരിക്കുന്നത്; ഇതു സംബന്ധിച്ച് പ്രത്യേക സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; ശേഖരിക്കുന്ന മാലിന്യങ്ങൾ എന്താണ് ചെയ്യുന്നത്; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇലക്ട്രോണിക് മാലിന്യം പണം നൽകി ശേഖരിക്കുന്ന പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ട്. വീടുകളിലെ ഇ-മാലിന്യങ്ങൾ കൃത്യമായി ശേഖരിക്കുന്നതിനും ഇത് വഴി ലഭ്യമാകുന്ന EPR ക്രെഡിറ്റ് ആനുകൂല്യം വീട്ടുടമസ്ഥർക്ക് ലഭ്യമാക്കുന്നതിനും വേണ്ടി മറ്റ് പാഴ് വസ്തുക്കൾ ശേഖരിക്കുന്നതിനോടൊപ്പം ഇ-മാലിന്യങ്ങളും ശേഖരിക്കുന്നതിനായി ഹരിത കർമ്മ സേനയെ ഉപയോഗിച്ച് കൊണ്ടുള്ള പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. ആദ്യ ഘട്ടത്തിൽ പൈലറ്റ് ആയി തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലും, തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്, തെക്കുംകര ഗ്രാമപഞ്ചായത്ത്, വടക്കാഞ്ചേരി മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലും, കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, വൈക്കം മുനിസിപ്പാലിറ്റി, കുറിച്ചി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ നടപ്പിലാക്കി. തുടർന്ന് സംസ്ഥാനത്തെ എല്ലാ നഗര സഭകളിലും പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ അടുത്ത മാസം ആരംഭിക്കുന്ന മൂന്നാം ഘട്ടം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തുന്നുണ്ട്.. ഇ-വേസ്റ്റ് ഡ്രൈവുമായി ബന്ധപ്പെട്ട് ഇ-മാലിന്യങ്ങളും, ഇ-ഹസാർഡസ് മാലിന്യങ്ങളും കമ്പനി ശേഖരിക്കുന്നുണ്ട്. ഇ-മാലിന്യങ്ങൾ MSTC പോർട്ടൽ മുഖാന്തരം റീസൈക്ലേഴ്സിനു കൈമാറുകയും, ഇ-ഹസാർഡസ് മാലിന്യങ്ങൾ ശാസ്ത്രീയ സംസ്കരണത്തിനായി എറണാകുളം ജില്ലയിലെ KEIL ലേയ്ക്ക് കൊണ്ട് പോകുകയും ചെയ്യുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് 06.07.2025 ലെ WM3/272/2023- |

| | | | |
|---|---|---|---|
| | | | തസ്വഭവ നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എന്നു മുതലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചത്; ശേഖരിക്കുന്ന മാലിന്യത്തിന് പണം നൽകുന്നതിന് എന്തു നടപടികളാണ് ഇതു വരെ സ്വീകരിച്ചത്; ഇതു വരെ എത്ര പേർക്ക് എത്ര തുക ഇങ്ങനെ പണമായി നൽകിയിട്ടുണ്ട്; ഇതിന്റെ തദ്ദേശ സ്ഥാപന അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | 2024 ഡിസംബർ മാസത്തിൽ പൈലറ്റ് പദ്ധതിയായി തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ ആരംഭിച്ചു. തുടർന്ന് രണ്ടാം ഘട്ടം 2025 ജൂലൈ മാസം മുതൽ സംസ്ഥാനത്തെ എല്ലാ നഗര സഭകളിലും നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി ഇതുവരെ ആകെ **8,83,985.29** രൂപ ഹരിത കർമ്മ സേന മുഖാന്തരം വീടുകൾക്ക് നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ക്ലീൻ കേരള കമ്പനി ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളിൽ എത്ര അളവിലാണ് പുനഃചംക്രമണവും സംസ്കരണവും സംസ്ഥാനത്ത് നടന്നത്; ഇതിന്റെ കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ ലഭ്യമാക്കുമോ; | (സി) | സംസ്ഥാനത്ത് ക്ലീൻ കേരള കമ്പനി ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളിൽ കഴിഞ്ഞ 5 വർഷമായി **38,405.60** ടൺ പാഴ് വസ്തുക്കൾ പുനഃ ചംക്രമണത്തിനായും, **1,23,986.3** ടൺ പാഴ് വസ്തുക്കൾ ശാസ്ത്രീയ സംസ്കരണത്തിനായും നൽകിയിട്ടുണ്ട്. |
| (ഡി) | പുനഃചംക്രമണം സാധിക്കാത്ത മാലിന്യങ്ങൾ മുഴുവൻ ഇതര സംസ്ഥാനങ്ങളിലെ സിമന്റ് ഫാക്ടറികളിലേക്കു കൊണ്ടുപോകുകയാണോ; ഇതിന്റെ കഴിഞ്ഞ 5 വർഷത്തെ അളവ് ലഭ്യമാക്കുമോ; ഈ മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് ഫാക്ടറികൾക്ക് പണം നൽകുന്നുണ്ടോ; എത്ര തുകയാണ് നൽകുന്നത്; ഏതെല്ലാം സംസ്ഥാനങ്ങളിലായി എത്ര ഫാക്ടറികളിലേക്കാണ് ഇപ്രകാരം മാലിന്യങ്ങൾ കൊണ്ടുപോകുന്നതെന്ന് വിശദമാക്കാമോ; | (ഡി) | തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന നിഷ്ക്രിയ മാലിന്യങ്ങൾ ശാസ്ത്രീയ സംസ്കരണത്തിനായി സംസ്ഥാനത്തിന് പുറത്തെ വിവിധ സിമന്റ് ഫാക്ടറികളിലേയ്ക്ക് അയക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലായി ആകെ **1,23,986.3** ടൺ നിഷ്ക്രിയ പാഴ് വസ്തുക്കൾ കമ്പനി മുഖാന്തരം സിമന്റ് ഫാക്ടറിയിൽ കൈമാറിയിട്ടുണ്ട്. കിലോയ്ക്ക് 80 പൈസ മുതൽ 50 പൈസ വരെ നിരക്കിലാണ് ക്ലീൻ കേരള കമ്പനി മാലിന്യങ്ങൾ സിമന്റ് ഫാക്ടറികൾക്ക് കൈമാറുന്നത്. നിഷ്ക്രിയ മാലിന്യങ്ങൾ കൈമാറുന്നതിനായി സംസ്ഥാനത്തിന് പുറത്തെ 3 സിമന്റ് ഫാക്ടറികളിലായി 9 പ്ലാന്റുകളുമായി കമ്പനി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സിമന്റ് ഫാക്ടറിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | ഇങ്ങനെ മാലിന്യങ്ങൾ കൊണ്ടു പോകുന്ന വാഹനങ്ങളുടെ കരാർ സംബന്ധിച്ച വ്യവസ്ഥകൾ എന്താണ്; എത്ര കരാറുകാരാണ് ഉള്ളത്; ഈ വാഹനങ്ങൾ നിരീക്ഷിക്കാൻ എന്തെല്ലാം സംവിധാനമാണുള്ളത്; ഗതാഗതച്ചെലവ് വഹിക്കുന്നത് ആരാണ്; വിശദാംശം ലഭ്യമാക്കാമോ? | (ഇ) | നിഷ്ക്രിയ മാലിന്യങ്ങൾ സിമന്റ് ഫാക്ടറികളിലേയ്ക്ക് കൊണ്ട് പോകുന്നതിനായി നിലവിൽ 78 ഏജൻസികളുമായി കമ്പനി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. വാഹനങ്ങളുടെ ട്രാക്കിംഗ് സൗകര്യത്തിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ സുരക്ഷാ ആപ്ലിക്കേഷനിൽ പ്രസ്തുത ഏജൻസികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്കരണത്തിനായുള്ള ഗതാഗത ചെലവ് വഹിക്കുന്നത് കമ്പനി മുഖാന്തരമാണ്. മാലിന്യങ്ങൾ കൊണ്ട് പോകുന്ന വാഹനങ്ങളുടെ |

| | | | |
|---|---|---|---|
| | | | കരാർ സംബന്ധിക്കുന്ന വ്യവസ്ഥകൾ ചുവടെ നൽകുന്നു.<br><br>• GPS ഉള്ള വാഹനങ്ങളാണ് ട്രാൻസ്പോർട്ടേഷനായി ഉപയോഗിക്കുന്നത് .<br>• മലിനീകരണ നിയന്ത്രണ ബോർഡിന്റെ സുരക്ഷാ ആപ്ലിക്കേഷനിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>• വെയിങ് സ്ലിപ്പിന്റെ കോപ്പി വാഹനങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്.<br>• CKCL ജില്ലാ മാനേജർ സാക്ഷ്യപ്പെടുത്തിയ മാനിഫെസ്റ്റ് കോപ്പി വാഹനങ്ങളിൽ ഉണ്ടാകേണ്ടതാണ്.<br>• ട്രാൻസ്പോർട്ടറുടെ കൈയിൽ കമ്പനിയുമായുള്ള കരാർ, സിമന്റ് ഫാക്ടറിയുമായുള്ള കരാർ എന്നിവ ഉണ്ടാകേണ്ടതാണ്.<br>• ഇ വേ ബില്ല്, ഡെലിവറി ചെല്ലാൻ എന്നിവ കമ്പനിയിൽ നിന്നും ട്രാൻസ്പോർട്ടർക്ക് ലഭ്യമാക്കുന്നു.<br>• സിമന്റ് ഫാക്ടറിയിൽ നിന്നും ലഭ്യമാക്കുന്ന കോ പ്രോസസ്സിംഗ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട LSGI/ സ്ഥാപനങ്ങൾക്കു നൽകേണ്ടതാണ്.<br>• സിമന്റ് ഫാക്ടറിയിൽ സംസ്കരണത്തിനായി കൈമാറുന്ന പാഴ് വസ്തുക്കൾ പൊതു ഇടങ്ങളിലോ, മറ്റ് സ്ഥലങ്ങളിലോ അനധികൃതമായി നിക്ഷേപിക്കുവാൻ പാടുള്ളതല്ല. |

സെക്ഷൻ ഓഫീസർ

Annexure 1

| SL NO | NAME OF | PLANT |
|---|---|---|
| 1 | CHETTINAD CEMENTS | Puliyur works,Kumara Rajah Muthiah Nagar,Karur district |
| 2 | CHETTINAD CEMENTS | Karikalli works, Rani Meyyammai Nager,Gujilamparai taluk,Karikalli,Dindukal |
| 3 | CHETTINAD CEMENTS | Ariyalur works, Trichi-ariyalur road,gujilamparai taluk,dindugal |
| 4 | CHETTINAD CEMENTS | Kallur works,Survey No 5,Sangem K village,Garagapalli ,Gulbarga, Karnataka |
| 5 | CHETTINAD CEMENTS | Dachepalli works,Pedagarlapadu village, Dachepalli,Andrapradesh |
| 6 | Dalmia Cements | Main Road, DALMIAPURAM, Tiruchirappalli, Tamil Nadu, 621651 |
| 7 | Dalmia Cements | Ariyalur plants,Lalgudi,Tamil nadu |
| 8 | Ultratech Cements | Reddypalayam cement works,Reddipalayam district Ariyalur,Tamilnadu |
| 9 | ACC Limited | Wadi Cement Works,Gulbarga,Karnataka |